പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4019 — 21/06/2019 ൽ മറുപടിക്ക്

**കോളേജ് അദ്ധ്യാപികയ്ക്കെതിരെ കൊച്ചിൻ ദേവസ്വം ബോർഡിന് പരാതി**

ചോദ്യം — മറുപടി

**ശ്രീ.അൻവർ സാദത്ത്** — കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള കേരള വർമ്മ കോളേജിലെ അദ്ധ്യാപികയായ ദീപാ നിശാന്തിനെതിരെ കവിത മോഷ്ടിച്ച് പ്രസിദ്ധീകരിച്ചുവെന്നതിന്റെ പേരിൽ നടപടി ആവശ്യപ്പെട്ടുകൊണ്ട് കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ ദേവസ്വം ബോർഡിന് പരാതി നൽകിയിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്.<br><br>ഈ വിഷയത്തിൽ ശ്രീമതി ദീപാ നിശാന്തിനോട് കോളേജ് പ്രിൻസിപ്പൽ വിശദീകരണം ആവശ്യപ്പെട്ടിരുന്നു. വ്യക്തിപരമായ വിഷയത്തിൽ കോളേജിന് എന്തെങ്കിലും ബുദ്ധിമുട്ട് നേരിട്ടിട്ടുണ്ടെങ്കിൽ ആയതിന് ഖേദം രേഖപ്പെടുത്തുന്നുവെന്നും ഔദ്യോഗികമായി തന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടില്ലെന്നും ശ്രീമതി ദീപാ നിശാന്ത് വിശദീകരണം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ദീപാ നിശാന്തി നെരെയുള്ള തുടർ നടപടി ഒഴിവാക്കി ഉത്തരവായിട്ടുണ്ടെന്നും കൊച്ചിൻ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട് |
| (ബി) | എങ്കിൽ പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ